ആർ. ജി. ജി. വി. വൈ. (RGGVY) പദ്ധതിയിൽ ഈ വർഷം 220 കോടി രൂപയുടെ പ്രവൃത്തിയാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം ഒന്നാം ഘട്ടമായി ഏഴു ജില്ലകളിലേക്ക് 221.75 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള അനുവാദം ആർ. ഇ. സി. യിൽ നിന്നും ലഭിച്ചു കഴിഞ്ഞു. ഈ ധനസഹായത്തിന്റെ ഒന്നാം ഗഡു ഉടൻതന്നെ ആർ.ഇ.സി.യിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. (90% ഗ്രാന്റായും 10% ലോണായും). രണ്ടാം ഘട്ടത്തിന്റെ (ബാക്കി ഏഴു ജില്ലകളിലേക്കുള്ളത്) പ്രവൃത്തികളുടെ അനുവാദം താമസം കൂടാതെ ആർ. ഇ. സി.യിൽ നിന്നും ലഭിക്കുന്നതാണ്.

സബ്സ്റ്റേഷൻ നിർമ്മാണം

50 [361] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പാലയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷൻ, അന്തിക്കാട് 33 കെ. വി. സബ്സ്റ്റേഷൻ എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ രണ്ട് സബ്സ്റ്റേഷനുകൾക്കായി എത്ര സെന്റ് വീതം സ്ഥലം വാങ്ങി; ആരിൽ നിന്നാണ് സ്ഥലം വാങ്ങിയത്; ഇതിനായി ചെലവഴിച്ച തുക എത്ര യെന്നറിയിക്കാമോ;

(സി) ഈ രണ്ട് സബ്സ്റ്റേഷനുകളുടെയും നിർമ്മാണം എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ഡി) ചിറയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) കൂർക്കഞ്ചേരി മേഖലയിൽ 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കൂർക്കഞ്ചേരി മേജർ സെക്ഷൻ ആഫീസ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ചേർപ്പ് സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) പെരിങ്ങോട്ടുകര, ചിറയ്ക്കൽ സെക്ഷൻ ആഫീസുകൾ ചേർത്ത് ചേർപ്പ് മേജർ സെക്ഷൻ ആഫീസായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലയ്ക്കൽ, അന്തിക്കാട് 33 കെ. വി. സബ്സ്റ്റേഷനുകൾക്കു വേണ്ടി യുള്ള സ്ഥലം യഥാക്രമം 31-3-2005-നും, 16-6-2005-നും ബോർഡിന്റെ പേരിൽ രജി സ്റ്റർ ചെയ്തു. നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പാലയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി ശ്രീ. കെ. ഗോവിന്ദൻ കുട്ടി, ശ്രീമതി കെ. സരസ്വതി എന്നിവരുടെ പക്കൽ നിന്നുമായി 110.60 സെന്റ് സ്ഥലം വാങ്ങി. ഇതിനായി 14,42,921 രൂപ ചെലവായി. അന്തിക്കാട് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി, ശ്രീമതി വിലാസിനി അമ്മ, ശ്രീമതി പത്മാസിനി, ശ്രീമതി ദിവ്യ എന്നിവരുടെ പക്കൽ നിന്നുമായി 96.30 സെന്റ് സ്ഥലം വാങ്ങി. ഇതിനായി 10,47,512 രൂപ ചെലവായി.

(സി) ഈ രണ്ട് സബ്സ്റ്റേഷനുകളും 31-3-2006-നു മുമ്പ് പണി പൂർത്തി യാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) ചിറയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ പണി പൂർത്തിയായി. യാർഡ്സ്ട്രക്ചറിന്റെ ഫൗണ്ടേഷൻ, എറക്ഷൻ എന്നി ജോലികൾ തുടങ്ങി. 33 കെ.വി. ലൈൻ നിർമ്മാണം പുരോഗമിക്കുന്നു. സബ്സ്റ്റേഷന്റ നിർമ്മാണം 2005 സെപ്റ്റംബർ മാസത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) നിലവിൽ നിർദ്ദേശം ഒന്നും ഇല്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ബോർഡിന്റെ പുനർരൂപീകരണ ഉത്തരവ് പ്രകാരം സെക്ഷൻ ആഫീസുകളും മേജർ സെക്ഷൻ ആഫീസുകളും സെക്ഷൻ ആഫീസുകളായി പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ മേജർ സെക്ഷൻ ആഫീസ് എന്ന ആശയം ഇപ്പോൾ നിലവിൽ ഇല്ല.

(എച്ച്) പ്രസക്തമല്ല.

വൈദ്യുതി കണക്ഷൻ നൽകുവാനുള്ള കാലതാമസം

51 [362] *ശ്രീ കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പോസ്റ്റുകളുടെയും മറ്റ് മെറ്റീരിയൽസിന്റെയും ഇല്ലായ്മ കാരണം വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ കാലതാമസം വരുന്നു എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly